പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.700 **29.05.2019-ൽ മറുപടിക്ക്**

ആലപ്പാട് സബ്സ്റ്റേഷൻ

	ചോദ്യം ശ്രീ ആർ. രാമചന്ദ്രൻ		ഉത്തരം ശ്രീ. എം.എം. മണി (വൈദ്യുതി വകുപ്പ് മന്ത്രി)
(എ)	ആലപ്പാട്ട് ഗ്രാമപഞ്ചായത്തിലെ വോൾട്ടേജ് ക്ഷാമവും നിരന്തര മുണ്ടാകുന്ന വൈദ്യുതി തകരാറും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;	(എ) & (ബി)	ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഓച്ചിറ, കരുനാഗപ്പള്ളി (സൗത്ത്) എന്നീ ഇലക്ട്രിക്കൽ സെക്ഷനുകളുടെ പരിധിയിൽ വരുന്ന ആലപ്പാട് പ്രദേശം കടൽത്തീരത്തോട് ചേർന്നു കിടക്കുന്നതിനാൽ ലൈനുകളിലെ ഇൻസുലേറ്ററുകളും പിന്നുകളും വേഗത്തിൽ തുരുമ്പെടുക്കുന്നതും ക്രോസ്സാമുകൾ നശിക്കുന്നതും വൈദ്യുതി തടസ്സത്തിനു ഇടയാക്കുന്നുണ്ട്. തന്മൂലം ലൈനുകളുടെ അറ്റകുറ്റപണികൾ തുടർച്ചയായി വേണ്ടിവരുന്നതിനാൽ അതും വൈദ്യുതി തടസ്സത്തിനു കാരണമാകുന്നുണ്ട്.
(ബി)	ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീക രിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;		ഇതിനു പരിഹാരമായി ഐ.പി.ഡി.എസ് പദ്ധതിയിൽ ഉൾപ്പെടുത്തി 20 കി.മീ ദൂരം എൽ.റ്റി എബിസി നിർമ്മിക്കുന്ന പ്രവൃത്തി പുരോഗമിച്ചു വരുന്നു. കൂടാതെ നിലവിലുള്ള എച്ച്.ടി ഓവർ ഹെഡ് ലൈനുകൾ മുഴുവനും എച്ച്.ടി എബിസി കേബിളുകൾ ആക്കുന്ന പ്രവൃത്തികൾ ഐ.പി. ഡി.എസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതും ഉടൻ തുടങ്ങുന്നതുമാണ്.
(സി)	ഇവിടുത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി ആലപ്പാട് കേന്ദ്രമാക്കി 11 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?	(സി)	കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ ആലപ്പാട്ട് പ്രദേശത്ത് വൈദ്യുതി എത്തിക്കുന്നത് 66 കെ.വി കരുനാഗപ്പള്ളി സബ്സ്റ്റേഷനിൽ നിന്നും ഓച്ചിറ 33 കെ.വി സബ്സ്റ്റേഷനിൽ നിന്നുമാണ്. ഓച്ചിറ സബ്സ്റ്റേഷൻ 110 കെ.വിയിലേയ്ക്ക് ഉയർത്താനുള്ള പദ്ധതി ട്രാൻസ്ഗ്രിഡ് ഡൗൺസ്ട്രീം പ്രവൃത്തികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കരുനാഗപ്പള്ളി സബ്സ്റ്റേഷൻ 110 കെ.വി യിലേയ്ക്ക് ഉയർത്തുന്ന ജോലികൾ പുരോഗമിക്കുന്നു. ഈ പ്രദേശത്തെ വൈദ്യുതി ഉപയോഗവും ഉപഭോക്താക്കളുടെ എണ്ണവും കണക്കാക്കിയ പ്രകാരം പുതിയ സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ആവശ്യമായ ലോഡ് ഡിമാന്റ് നിലവിലില്ല. ആയതിനാൽ നിലവിൽ ആലപ്പാടിൽ പുതിയ സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ